# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 04.12.2014 ൽ മറുപടിയ്ക്ക്
നിയമസഭാ
ചോദ്യം നം. 1194

സർക്കാർ/എയ്ഡഡ്/സഹകരണ/സ്വാശ്രയ മേഖലകളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ

ചോദ്യം — ഉത്തരം

ശ്രീമതി.കെ.എസ്.സലീഖ — ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് ബി.ടെക് കോഴ്സിന് സർക്കാർ/എയ്ഡഡ്/സഹകരണ/സ്വാശ്രയ മേഖലകളിലായി നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളുണ്ട്; ഇവയിൽ എല്ലാം കൂടി ആകെ എത്ര സീറ്റുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ;

എ)

| എഞ്ചിനീയറിംഗ് കോളേജുകൾ | കോളേജുകളുടെ എണ്ണം | സർക്കാർ അലോട്ട്മെന്റ് നടത്തുന്ന ആകെ സീറ്റുകളുടെ എണ്ണം |
|---|---|---|
| സർക്കാർ & എയ്ഡഡ് | 12 | 4832 |
| കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെയും കേരള വെറ്റിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെയും കീഴിൽ വരുന്ന കോളേജുകൾ | 2 | 93 |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ് | 24 | 6551 |
| സ്വകാര്യ സ്വാശ്രയ കോളേജ് | 137 | 25096 |
| ആകെ | 175 | 36572 |

ബി) 2014-15 അധ്യയനവർഷം പ്രസ്തുത കോഴ്സിന് ആകെ എത്ര സീറ്റുകളിൽ അഡ്മിഷൻ നടന്നുവെന്നും പഠിക്കാൻ കുട്ടികളില്ലെന്ന കാരണത്താൽ നിലവിൽ എത്ര സീറ്റ് ഒഴിഞ്ഞുകിടക്കുന്നുവെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

ബി) 2014-15 അധ്യയനവർഷം സർക്കാർ/ എയ്ഡഡ്/ സഹകരണ/ സ്വാശ്രയ മേഖലകളിലായി നടന്ന അഡ്മിഷന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| എഞ്ചിനീയറിംഗ് കോളേജുകൾ | സർക്കാർഅലോട്ട് മെന്റ് നടത്തുന്ന ആകെ സീറ്റുകളുടെ എണ്ണം | അലോട്ട് മെന്റ് നൽകിയ സീറ്റുകളുടെ എണ്ണം | സർക്കാർ അലോട്ട് മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകളുടെ എണ്ണം |
|---|---|---|---|
| സർക്കാർ& എയ്ഡഡ് | 4832 | 4828 | 4 |

| | | | |
|---|---|---|---|
| കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെയും കേരള വെറ്റിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെയും കീഴിൽ വരുന്ന കോളേജുകൾ | 93 | 93 | ഇല്ല |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ് | 6551 | 5822 | 729 |
| സ്വകാര്യ സ്വാശ്രയ കോളേജ് | 25096 | 13648 | 11448 |
| ആകെ | 36572 | 24391 | 12181 |

സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ഓരോ മേഖലയിലും പുതുതായി ബി.ടെകിന് എത്ര കോളേജുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അലോട്ട്മെന്റിൽ ഉൾപ്പെട്ടുത്തിയ എഞ്ചിനീയറിംഗ് കോളേജുകളുടെ വിവരം ചുവടെ ചേർക്കുന്നു

| വർഷം | സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ | സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകൾ | സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ |
|---|---|---|---|
| 2011 | ഇല്ല | 1 | 17 |
| 2012 | ഇല്ല | ഇല്ല | 9 |
| 2013 | ഇല്ല | ഇല്ല | 4 |
| 2014 | ഇല്ല | 1 | 5 |
| ആകെ | ഇല്ല | 2 | 35 |

ഡി) നിലവിൽ ബി.ടെകിന് ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോഴും പുതിയ സ്വാശ്രയ കോളേജുകൾ തുടങ്ങുവാൻ അനുമതി നൽകുന്നത് തടയുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഡി) സംസ്ഥാനത്ത് നിരവധി ബി.ടെക് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ 2013-14 വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതിൻ പ്രകാരം പുതിയ കോളേജുകൾക്ക് അനുമതി നൽകുന്നത് നിർത്തിവെച്ചിരുന്നു. എന്നാൽ 09.04.2013-ലെ ബഹു.ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയം

പിൻവലിക്കേണ്ടിവന്നു. ഇതിനെ തുടർന്ന് എ.ഐ.സി.റ്റി.ഇ യുടെയും ബന്ധപ്പെട്ട സർവ്വകലാശാലയുടെയും അനുമതി ലഭിയ്ക്കുന്ന കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടാൽ പ്രസ്തുത കോളേജുകൾ ആരംഭിയ്ക്കുന്നതിന് ഇപ്പോൾ അനുമതി നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ